## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2441 06.12.2018-ൽ മറുപടിക്ക്

### നികുതി വെട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി; വെളിപ്പെടുത്തുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനുമായി ധനവകുപ്പ് സ്വീകരിച്ചുവരുന്ന നടപടി ക്രമങ്ങൾ എന്തെല്ലാം;വിശദമാക്കുമോ; | (ബി) | നികുതി വെട്ടിപ്പ് പിടികൂടുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ബില്ലുകൾ പരിശോധിക്കുകയും അവ ശേഖരിക്കുകയും ചെയ്യുന്നു. ഇന്റലിജൻസ് സ്ക്വാഡുകളിൽ കൂടുതൽ പേരെ വിന്യസിച്ച് പരിശോധന കാര്യക്ഷമമാക്കിയിരിക്കുന്നു.<br>കൂടാതെ നികുതി വെട്ടിപ്പ് തടയുന്നതിന് വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേൺ യഥാസമയം പരിശോധിക്കുകയും നികുതി ചോർച്ച ഇല്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. കടകളിൽ നേരിട്ട് ചെന്ന് ബില്ലുകൾ ശേഖരിക്കുകയും നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായവർ എല്ലാംതന്നെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. കൂടാതെ ബില്ലുകൾ കൊടുക്കാതെ ബിസിനസ്സ് നടത്തുന്നവരെ കണ്ടെത്തി അവരുടെ വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | ഇന്റലിജൻസ് വിഭാഗത്തിന് കൈമാറുന്നു.<br>ഇ-വേയ് ബിൽ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി എല്ലാ ചരക്കുകളുടെയും വിശദാംശം ഓൺലൈൻ വഴി ലഭ്യമാണ്. ജി.എസ്.ടി. നിയമ പ്രകാരം രജിസ്ട്രേഷൻ എടുത്ത വ്യാപാരികൾ തമ്മിലുള്ള ക്രയവിക്രയങ്ങൾ ജി.എസ്.ടി. പോർട്ടൽ മുഖേന ക്രോസ് ചെക്ക് ചെയ്യുന്നത് വഴി നികുതി വെട്ടിപ്പ് നടത്തുന്ന വ്യാപാരികളെ കണ്ടെത്താവുന്നതാണ്.<br>അതിർത്തി പ്രദേശങ്ങളിൽ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ ഇന്റലിജൻസ് വിഭാഗം അതീവ ജാഗ്രതാ നിരീക്ഷണം നടത്തി നികുതി വെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വാഹന പരിശോധന, ടെസ്റ്റ് പർച്ചേസ് തുടങ്ങിയവയിലൂടെയും നികുതി അടവ് ഉറപ്പ് വരുത്തുന്നു. |
| (സി) | ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം നിർത്തലാക്കിയ നികുതി ചെക്പോസ്റ്റുകൾ ഏതെല്ലാം എന്നും അവയിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥ വിഭാഗം നിലവിൽ എന്ത് പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നും വ്യക്തമാക്കുമോ; | (സി) | ജി.എസ്.ടി. നടപ്പാക്കുന്നതിന്റെ ഭാഗമായി നിർത്തലാക്കിയ വില്പന നികുതി ചെക്ക് പോസ്റ്റുകൾ 83 എണ്ണമാണ്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br>ചെക്ക് പോസ്റ്റുകളിൽ പ്രവർത്തിച്ചിരുന്ന ഉദ്യോഗസ്ഥർ പ്രധാനമായും പുതുതായി രൂപീകരിച്ച സർവൈലൻസ് സ്ക്വാഡുകളിൽ പ്രവർത്തിക്കുകയാണ്. കുറച്ചുപേർ, കുടിശിഖ വാറ്റ് അസ്സസ്സ്മെന്റുകൾ പൂർത്തീകരിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ചൈന ബിൽ എന്നറിയപ്പെടുന്ന വ്യാജബില്ലുകൾ ഉപയോഗിച്ച് കേരളത്തിലേയ്ക്ക് നികുതി അടയ്ക്കാതെ ഗ്രാനൈറ്റ് കയറ്റിയ ലോറികൾ സംസ്ഥാനത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഈയിനത്തിൽ എത്ര കോടി രൂപ നികുതിയിനത്തിൽ നാളിതുവരെ നഷ്ടമായി; വ്യക്തമാക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | പല വാഹനങ്ങളുടെയും ഈ-വേ ബിൽ വിൽപന നികുതി വിഭാഗം ശരിയായി പരിശോധിക്കുന്നില്ല എന്ന് കരുതുന്നുണ്ടോ; എങ്കിൽ പരിശോധന കർശനമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ഇ) | എല്ലാ വാഹനങ്ങളുടെയും ഇ-വേ ബിൽ വില്പന നികുതി വിഭാഗം ശരിയായി പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം 91 ൽ നിന്ന് 178 ആയി വർദ്ധിപ്പിച്ചു. ഇതിൽ 126 സ്ക്വാഡുകളെ സംസ്ഥാന അതിർത്തികളിൽ ഇടതടവില്ലാതെ ചരക്കുവാഹന പരിശോധന നടത്തുന്നതിനും ഇ-വേ ബിൽ ഓൺലൈൻ പരിശോധിക്കുന്നതിനുമായി വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# Name of Check Posts

| Sl. No | TRIVANDRUM |
|---|---|
| 1 | Amaravila |
| 2 | Tiles Factory |
| 3 | Perumpazhuthur |
| 4 | Perumkadavila |
| 5 | Kallikadu |
| 6 | Mandapathin Kadvu |
| 7 | Kanchanpazanji ( Mudathanni) |
| 8 | Uchakada |
| 9 | Neyyardam |
| 10 | Palakadavu |
| 11 | Priayinmoodu |
| 12 | Ara Kunnu Kadavu |
| 13 | Moozhyilthottam |
| 14 | Pattakkulam |
| 15 | Aruvikara |
| 16 | Railway station,Thampanur |
| | **KOLLAM** |
| 17 | Aryankavu |
| 18 | Achan Kovil |
| 19 | Kollam Port |
| 20 | Railway station kollam |
| | **IDUKKY** |
| 21 | Kumily |
| 22 | Cumbammettu |
| 23 | Bodimettu |
| 24 | Cinnar |
| | **ERANAKULAM** |
| 25 | South railway station,EKM |
| | **MATTANCHERRY** |
| 26 | Willinton Island |
| 27 | Vallarpadam |
| | **THRISSUR** |
| 28 | Thumburmuzhy ( Vettilappara) |
| | **PALAKKAD** |
| 29 | Walayar |
| 30 | Mattathukad ( Annakatty) |
| 31 | Govindapuram |
| 32 | Chammnampathy |
| 33 | Meenakshipuram |
| 34 | V.K. Road ( Kannimari) |
| 35 | Gopalapuram |
| 36 | Fifth Mile |
| 37 | Nedupunni |
| 38 | Velanthavalam ( Kozhipara) |
| 39 | Menonpara |
| 40 | Athikode |
| 41 | Anamoly |

42 Kuppanadagoudannur ( Ozhalapathy)
43 Natakal ( Valara)
44 Neelipara

## MALAPPURAM

45 Vazhikadu ( Manimoly)

## KOZHIKODE

46 Feroke (Internal)
47 Kunhipally (Azhiyur Chungam)
48 Thamerassery ( Internal)

## WAYANAD

49 Muthunga
50 Bavely
51 Tholpatty
52 Vaduvanchal
53 Pazhur ( Noolpuzha)
54 Thallur
55 Lakkadi
56 Nambiar Kunnu
57 Vellachal
58 Kottoor
59 Ancham mile
60 Vendola
61 Chulliode
62 Boys Town ( Internal)
63 Niravilpuzha ( Internal)

## CANNANORE

64 Kootupuzha
65 Mekkuunne
66 Perata
67 Paral
68 Kachrikadavu
69 New Mahe

## KASARGODE

B. Menge [illegible]
71 Perala
72 Adhur
73 Bayur ( Bayur Padavu)
74 Kolichal at panathur
75 Lal Bag ( Goli Katta)
76 Nattakal
77 Chembari
78 Pathodi
79 Yethedukka
80 Manimoola
81 Yavanthur
82 Swarga
83 Bonk[illegible]

സെക്ഷൻ ഓഫീസർ.